മാധ്യമം

16 December 2017



സി.എം.എഫ്.ആർ.ഐയിൽ നടന്ന ശിൽപശാല ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ ഡയറക്ടർ ഡോ. എസ്.കെ. സിങ് ഉദ്ഘാടനം ചെയ്യുന്നു

# കാർഷിക ഗവേഷണ രംഗത്ത് ഐ.സി.ടി പ്രോത്സാഹിപ്പിക്കണം –ശിൽപശാല

**കൊച്ചി:** ഇന്ത്യയിലെ കാർഷിക ഗവേഷണ രംഗത്ത് വിവര-വിനിമയ സാങ്കേതികവിദ്യയായ ഐ.സി.ടി പ്രോത്സാഹിപ്പിക്കണമെന്ന് ശിൽപശാല. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) കൺസോർഷ്യം ഓഫ് ഇ-റിസോഴ്സസ് ഇൻ അഗ്രികൾച്ചർ (സെറ) എന്ന ഓൺലൈൻ ലൈബ്രറി സംവിധാനത്തെ കുറിച്ച് ബോധവത്കരിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ ശിൽപശാലയിലാണ് നിർദേശം.

ഐ.സി.എ.ആറിന് കീഴിലെ ഗവേഷണ സ്ഥാപനങ്ങളും കാർഷിക സർവകലാശാലകളും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന സെറ പോലുള്ള ഓൺലൈൻ ഗവേഷണ ലൈബ്രറികൾ ഉപയോഗപ്പെടുത്താൻ പുതുതലമുറയിലെ ഗവേഷകർ തയാറാകണമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു. ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ ഐ.സി.എ.ആർ ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ലൈബ്രേറിയന്മാർ ശിൽപശാലയിൽ പങ്കെടുത്തു. എസ്.കെ. ജോഷി, സി.എം.എഫ്.ആർ.ഐ ക്രസ്റ്റേഷ്യൻ ഡിവിഷൻ മേധാവി ഡോ. ജി. മഹേശ്വരുഡു, സി.എം.എഫ്.ആർ.ഐ ലൈബ്രറി സയന്റിസ്റ്റ് ഇൻ ചാർജ് ഡോ. കെ.എസ്. ശോഭന, ലൈബ്രറി ഓഫിസ് ഇൻ ചാർജ് പി. ഗീത എന്നിവർ സംസാരിച്ചു.